

കായംകുളം സിപിസിആർഐയിൽ തെങ്ങിന്റെ കാറ്റുവീഴ്ച രോഗ സമഗ്രപരിപാലന പ്രദർശന തോട്ടം പങ്കാളിത്ത പദ്ധതിയുടെ ഉദ്ഘാടനം ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ ഹോർട്ടികൾച്ചർ വിഭാഗം ഡപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. എൻ.കെ. കൃഷ്ണകുമാർ നിർവഹിക്കുന്നു. ഡോ. ചൗഡപ്പ, ഡോ. മഹേശ്വരപ്പ, ഡോ. വി. കൃഷ്ണകുമാർ, ടി. പ്രസന്നകുമാരി, ജഗദമ്മ തുടങ്ങിയവർ സമീപം.

# ‘കീടനാശിനി ഉപയോഗം ശാസ്ത്രീയവും നിയന്ത്രിതവുമാകണം’

കായംകുളം • സുരക്ഷിത ഭക്ഷണം എന്നത് വനിതാ ശാക്തീകരണത്തിന്റെ ഭാഗമാക്കുകയും ശാസ്ത്രീയവും നിയന്ത്രിതവുമായി കീടനാശിനികളുടെ ഉപയോഗം ചുരുക്കുകയും ചെയ്യണമെന്നു ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ ഹോർട്ടികൾച്ചർ വിഭാഗം ഡപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. എൻ.കെ. കൃഷ്ണകുമാർ പറഞ്ഞു.

കൃഷ്ണപുരം തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന തെങ്ങിന്റെ കാറ്റുവീഴ്ച രോഗ സമഗ്രപരിപാലന പ്രദർശന തോട്ടം പങ്കാളിത്ത പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കാറ്റുവീഴ്ച രോഗം രൂക്ഷമായ കേരളത്തിലെ തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള ഏഴു ജില്ലകളിലെ തിരഞ്ഞെടുത്ത കേരഗ്രാമങ്ങളിലും തമിഴ്നാട്ടിലെ തേനി ജില്ലയിലുമാണു പദ്ധതി നടപ്പിലാക്കുക. സംസ്ഥാന ആസൂത്രണ ബോർഡ്, കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരകർഷക കൂട്ടായ്മകൾ എന്നിവയുടെ സഹകരണത്തോടെയാണു പദ്ധതി നടപ്പിലാക്കുന്നത്. സിപിസിആർഐ ഡയറക്ടർ ഡോ. ചൗഡപ്പ അധ്യക്ഷത വഹിച്ചു. അസി. ഡയറക്ടർ ജനറൽ ഡോ. ടി. ജാനകിറാം, പ്രാദേശിക കേന്ദ്രം മേധാവി ഡോ. വി. കൃഷ്ണകുമാർ, ഡോ. മഹേശ്വരപ്പ, പഞ്ചായത്ത് പ്രസിഡന്റുമാരായ അബ്ദുൾ സലീം, ടി. പ്രസന്നകുമാരി, ജഗദമ്മ എന്നിവർ പ്രസംഗിച്ചു.

## വ്യാപാരനിലവാരം

### കൊച്ചി

വെളിച്ചെണ്ണ മില്ലിങ് 12800

വെളിച്ചെണ്ണ

| | |
|---|---|
| ഓഗസ്റ്റ് | 13575 |
| സ്വർണം (10 ഗ്രാം) | |
| ജൂൺ | 26862 |
| ഓഗസ്റ്റ് | 27124 |

റബർബോർഡ് വില

### കോട്ടയം

ആർഎസ്എസ്-4 12900